## പതിനാലാം കേരള നിയമസഭ
## 16-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.34** **28.10.2019-ൽ മറുപടിയ്ക്ക്**

## തീരദേശ പരിപാലന നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ: | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |

(എ) തീരദേശ പരിപാലന നിയമത്തിൽ കേന്ദ്രം ഭേദഗതി വരുത്തിയതിനുശേഷം ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(എ) യും (ബി) യും 2019-ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20.08.2019 ലെ സ.ഉ(സാധാ) നം.80/19/പരി നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തി. പ്രസ്തുത ഉത്തരവ് പ്രകാരം 01.03.2020 ന് മുമ്പ് 1:25000 സ്കെയിലിലുള്ള കരട് തീരദേശ പരിപാലന പ്ലാനിന്റെ ഒരു സോഫ്റ്റ് കോപ്പിയും (Shape file) രണ്ട് ഹാർഡ് കോപ്പികളും അതിനുശേഷം 6 മാസത്തിനകം 1:4000 സ്കെയിലിലുള്ള കരട് തീരദേശ പരിപാലന പ്ലാനും കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രം കേരള തീരദേശ പരിപാലന അതോറിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്. കേരള തീരദേശ പരിപാലന അതോറിറ്റി കാലകാലങ്ങളിൽ നൽകുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കരട് തീരദേശ പരിപാലന പ്ലാൻ

| | |
|---|---|
| | തയ്യാറാക്കുമ്പോൾ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രം പരിഗണിക്കേണ്ടതാണ്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം 2011 ലെ തീരദേശ പരിപാലന പ്ലാനും 2019 കരട് തീരദേശ പരിപാലന പ്ലാനും തമ്മിൽ താരതമ്യം ചെയ്തുകൊണ്ടുള്ള ഒരു റിപ്പോർട്ട് കേരള തീരദേശ പരിപാലന അതോറിറ്റിയ്ക്ക് സമർപ്പിക്കേണ്ട ചുമതലയും 2019 ലെ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ടെക്നിക്കൽ സ്ക്രൂട്ടണി കമ്മിറ്റിയ്ക്ക് മുൻപാകെ അവതരിപ്പിക്കേണ്ട ചുമതലയും കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിനാണ്. |
| (ബി) തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ